(ബി) ലോട്ടറി നിരോധനം സംസ്ഥാനത്തു നടപ്പിലാക്കേണ്ടിവന്നാൽ നികുതിയേതര വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിക്കുന്നതോടൊപ്പം 2.5 ലക്ഷത്തോളം ആളുകൾക്ക് ഉപജീവനമാർഗം നഷ്ടപ്പെടുന്നതുമാണ്.

ബാറ്ററി വാങ്ങുന്നതിന് നൽകിയ ടെണ്ടർ

27 (3559) ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീ. ബി. വിജയകുമാർ :
ശ്രീ. വി. ബാലറാം :
ശ്രീ. എം. മുരളി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനസർക്കാർ വാഹനങ്ങൾക്ക് ബാറ്ററി എവിടെ നിന്നാണ് വാങ്ങുന്നത് ;

(ബി) ടെണ്ടർ വിളിച്ചാണോ സപ്ലൈയറെ തെരഞ്ഞെടുക്കുന്നത് ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനായി ടെണ്ടർ വിളിച്ചപ്പോൾ എത്ര സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കുകയുണ്ടായി ; അവ ഏതെല്ലാമാണ് ;

(ഡി) ബാംഗ്ലൂരിലെ സതേൺ ബാറ്ററീസിനെ തെരഞ്ഞെടുക്കുകയുണ്ടായോ ; എങ്കിൽ എന്തുകൊണ്ട് അവർക്ക് ടെണ്ടർ നൽകിയില്ലായെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ഇടപാടുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ആരെല്ലാമാണ് ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ വാഹനങ്ങൾക്കു വേണ്ടതായ ബാറ്ററി ബന്ധപ്പെട്ട വകുപ്പുകൾ അതാതു വർഷത്തെ റേറ്റ്, കോൺട്രാക്റ്റ് ഹോൾഡർമാരിൽ നിന്നാണ് വാങ്ങുന്നത്.

(ബി) അതെ.

(സി,ഡി&ഇ) ഈ വിഷയവുമായി ബന്ധപ്പെട്ട ഫയലുകളെല്ലാം കേരള ലോകായുക്തയുടെ ക്യാമ്പ് ഓഫീസിലാണ്. അവ തിരികെ ലഭിച്ചതിനുശേഷമേ കൃത്യമായ മറുപടി നൽകുവാൻ നിർവാഹമുള്ളൂ.

കള്ള്ഷാപ്പ് ലേലത്തുക

28 (3560) ശ്രീ. ബി. വിജയകുമാർ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly